**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3884** **09-10-2025 - ൽ മറുപടിയ്ക്ക്**

**വാഹനം റീ രജിസ്റ്റർ ചെയ്യതിലെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ ആർ. ടി. ഓഫീസിൽ 2018-ൽ KL 25 L 0012 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്ത വാഹനത്തിന്റെ ഉടമ ആരാണെന്ന് വ്യക്തമാക്കാമോ; | (എ) | KL 25 L 0012 എന്ന വാഹനത്തിന്റെ നിലവിലെ ഉടമസ്ഥൻ ശ്രീ.അദ്ബുൽ ഹാദി എം., ബദർ മഹൽ, ബദിയടുക്ക, കാസർഗോഡ് ആണ്. |
| (ബി) | പ്രസ്തുത രജിസ്ട്രേഷൻ നമ്പർ നൽകിയത് റീ രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായിട്ടാണോ; അതോ പുതിയ വാഹനം എന്ന നിലക്കാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | KL 25 L 0012 നമ്പർ നൽകിയിട്ടുള്ളത് റീ രജിസ്ട്രേഷൻ നടപടിയിലൂടെയാണ്. |
| (സി) | റീ രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായിരുന്നെങ്കിൽ മുൻപ് ഈ വാഹനം ഏതൊക്കെ സംസ്ഥാനങ്ങളിൽ ആരുടെയൊക്കെ പേരിലും വിലാസത്തിലുമായിരുന്നു രജിസ്റ്റർ ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത വാഹനം മഹാരാഷ്ട്രയിൽ Rushabh Motors Pvt Ltd, Plot No.33A Central MIDC Road, Hingna Midc, Nagpur, Mahrashtra എന്ന പേരിലും പോണ്ടിച്ചേരിയിൽ ശ്രീമതി. ബിന്ദു ഗണേഷ് കുമാർ, M/s. Car Palace No.225, 1st Floor, Shop No.1, Chinna Subrahmaniam Street, Puthucherry എന്ന പേരിലും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | ഇതേ വാഹനം മുൻപ് പോണ്ടിച്ചേരിയിലും തുടർന്ന് പുനലൂരും റീ രജിസ്റ്റർ ചെയ്തത് ഒരേ ആളിന്റെ പേരിലാണോ; എങ്കിൽ അയാളുടെ പോണ്ടിച്ചേരിയിലെ അഡ്രസ് വ്യാജമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | അതെ, അഡ്രസ് വ്യാജമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | നികുതി വെട്ടിപ്പിനായാണോ ഇപ്രകാരം പോണ്ടിച്ചേരിയിലെ വ്യാജവിലാസത്തിൽ റീ രജിസ്ട്രേഷൻ നടത്തിയത്; വ്യക്തമാക്കുമോ; | (ഇ) | പ്രസ്തുത വാഹനത്തിന് റീ രജിസ്ട്രേഷൻ വേളയിൽ സംസ്ഥാനത്ത് കൃത്യമായി നികുതി ഈടാക്കിയിട്ടുണ്ട്. ആയതിനാൽ കേരളത്തിൽ നികുതി വെട്ടിപ്പ് നടത്തിയതായി കണ്ടെത്തിയിട്ടില്ല. ഒരു വാഹന ഉടമയ്ക്ക് നിയമം അനുശാസിക്കുന്ന അഡ്രസ് പ്രൂഫ് ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാനത്ത് ഉണ്ടെങ്കിൽ ആ സംസ്ഥാനത്ത് വാഹനം രജിസ്റ്റർ ചെയ്യുന്നതിന് നിയമപരമായി തടസ്സമില്ല. |

| | | | |
|---|---|---|---|
| (എഫ്) | മുൻപ് പോണ്ടിച്ചേരിയിലെ വ്യാജവിലാസത്തിൽ ആഡംബര വാഹനങ്ങൾ രജിസ്റ്റർ ചെയ്ത വിഷയത്തിൽ സ്വീകരിച്ച നടപടി ഈ വിഷയത്തിലും സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എഫ്) | പ്രസക്തമല്ല |
| (ജി) | KL 25 L 0012 എന്ന വാഹനത്തിന്റെ രജിസ്ട്രേഷൻ രേഖയിൽ രജിസ്ട്രേഷൻ ടൈപ്പ് ന്യൂ എന്നും ഓണർഷിപ്പ് സീരിയൽ 1 എന്നും രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിവരം രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരുവിവരം ലഭ്യമാക്കാമോ; ഇത് ആരുടെയെങ്കിലും സമ്മർദത്തിന് വഴങ്ങിയാണോ നടപ്പാക്കിയത്; വിശദമാക്കാമോ? | (ജി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് ആർ.സി. അപ്രൂവൽ ചെയ്തിട്ടുള്ളത്.<br><br>ആർ.സി. അപ്രൂവ് ചെയ്ത ഉദ്യോഗസ്ഥന്റെ പേര് : ശ്രീ.കെ.എസ്.ഷിബു, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, പുനലൂർ. |

സെക്ഷൻ ഓഫീസർ